# ഓഫീസ് മന്ദിരം

മാർച്ച് 15–ന്

## ഇ. എം. എസ്. ഉദ്ഘാടനംചെയ്യുന്നു

**kerala private**
**COLLEGE TEACHER**

No. 131. March 1996




എകെപിസിടിഎ എറണാകുളം ജില്ലാ സമ്മേളനം ജനറൽ സെക്രട്ടറി
പ്രൊഫ. കെ. പി. ദിവാകരൻനായർ ഉദ്ഘാടനം ചെയ്യുന്നു




തിരുവനന്തപുരം ജില്ലാ സമ്മേളനം പ്രവർത്തകസമിതി അംഗം
പ്രൊഫ ,എൽ. ജി, വർഗീസ് ഉദ്ഘാടനം ചെയ്യുന്നു

# കൂടുതൽ കരുത്തോടെ തിരുവനന്തപുരത്ത്

കേരള പ്രൈവററ് കോളേജ് ടീച്ചർ

ലക്കം : 131

മാർച്ച് 1996

എഡിററർ :
വി. എൻ. മുരളി

മാനേജിംഗ് എഡിററർ :
എ. പ്രതാപചന്ദ്രൻ നായർ

അംഗങ്ങൾ :

എസ്. വിശ്വനാഥൻ
കെ. പി. ദിവാകരൻനായർ
എം. സലിം
ജോയ്ജോബ് കുളവേലി
ടി. എൻ. മനോഹരൻ
വി. രാജേന്ദ്രൻനായർ
ജോണി കെ. ജോൺ
കെ. സി. കുട്ടപ്പൻനായർ
ജി. എസ്. സുരേഷ്
കെ. രാജേന്ദ്രബാബു
ജെ. ചന്ദ്ര

സമരങ്ങളുടേയും സംഘടനാപ്രവർത്തനങ്ങളുടേയും സിരാകേന്ദ്രമായ തിരുവനന്തപുരത്ത് എ കെ പി സി ടി എ പ്രവർത്തകർ വീണ്ടും ഒത്തുചേരുകയാണ്. മാർച്ച് 15, 16, 17 തീയതികളിൽ നടക്കുന്ന 38-ാം സംസ്ഥാന സമ്മേളനത്തിന് മുൻകാല സമ്മേളനങ്ങളെക്കാൾ പ്രാധാന്യമുണ്ട്.

കഴിഞ്ഞ ഒരു വർഷത്തെ നമ്മുടെ പോരാട്ടം കേവലം സാമ്പത്തികാവശ്യങ്ങൾ മാത്രം മുൻനിർത്തിയുള്ളതായിരുന്നില്ല. പണമുള്ളവനെന്നും ഇല്ലാത്തവനെന്നും വേർതിരിച്ച് വിദ്യാഭ്യാസരംഗം വില്പനചരക്കാക്കുന്ന നയത്തിനെതിരേയാണ് പൊരുതിയത്. അൺഎയ്ഡഡ്–സെൽഫ് ഫിനാൻസിംഗ് കോളേജുകളെ എതിർത്തത് അതുകൊണ്ടാണ്. പരിയാരം മെഡിക്കൽ കോളേജ് പ്രശ്നവും ഇതിന്റെ ഭാഗമായിട്ടാണ് നമ്മൾ കണ്ടത്. സഹകരണമേഖലയിൽ എന്നുപറഞ്ഞ് തുടങ്ങിയ സ്ഥാപനം സ്വകാര്യമേഖലയിലാണെന്ന് തുറന്നുകാട്ടാൻ സമരത്തിനു കഴിഞ്ഞു. അതുകൊണ്ടുതന്നെ കുറെ നിയന്ത്രണങ്ങൾ ആ കോളേജിനുമേൽ ഏർപ്പെടുത്താൻ സർക്കാർ നിർബന്ധിതമായി. വരും തലമുറയോടും ഭാവി കേരളത്തോടും നീതി പുലർത്താൻ കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യം ഇക്കാര്യത്തിൽ നമുക്കുണ്ട്.


സംഘടനയുടെ വിദ്യാഭ്യാസനയം വ്യക്തമാക്കുന്ന രേഖ, ഒരുവർഷത്തെ വിശദമായ ചർച്ചകൾക്കു ശേഷം, ഈ സമ്മേളനത്തിൽ പ്രസിദ്ധീകരിക്കുകയാണ്. നാടിന്റെ വികസനവും പുരോഗതിയും ബന്ധപ്പെടുത്തിയുള്ള വിദ്യാഭ്യാസമാണ് ആവശ്യം. അല്ലാതെ സമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള വരേണ്യവർഗ വിദ്യാഭ്യാസമല്ല. ഇത് രേഖയിൽ വ്യക്തമാക്കുന്നുണ്ട്. അക്കാദമിക് കാര്യങ്ങളിൽ എകെപിസി ടി എ അതീവതാല്പര്യമെടുത്തതുകൊണ്ടാ

ണ് ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് ആഴത്തിലുള്ള പഠനം നടത്താനും രേഖ തയ്യാറാക്കാനും നമുക്കു കഴിഞ്ഞത്.

ഈ വർഷത്തെ പ്രവർത്തനങ്ങളിൽ ഏററവും ശ്രദ്ധേയം എ കെ പി സി ടി എ ഓഫീസ് മന്ദിരത്തിൻെറ പണി പൂർത്തിയാക്കിയതു തന്നെയാണ്. പ്രൈവററ് കോളേജധ്യാപകൻെറ അന്തസുയർത്തുന്ന തരത്തിൽ തലസ്ഥാനത്ത് നമ്മുടെ കെട്ടിടം ഉയർന്നുകഴിഞ്ഞു. മാർച്ച് 15–ന് ഇ. എം. എസ്. അതിൻെറ ഉദ്ഘാടനം നിർവ്വഹിക്കും. സംഘടനാചരിത്രത്തിലെ അവിസ്മരണീയമുഹൂർത്തമാണത്.

എ കെ പി സി ടി എ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതിനെപ്പററി 38-ാം സംസ്ഥാനസമ്മേളനം ആലോചിക്കും. ഒരുതരം ആലസ്യം അധ്യാപകരെയെല്ലാം ഇന്നു ബാധിച്ചിട്ടുണ്ട്. എല്ലാം നേടിക്കഴിഞ്ഞുവെന്ന മിഥ്യാധാരണപലരിലും കടന്നുകൂടിയിരിക്കുന്നു. എന്നാൽ സ്ഥിതിനേരെമറിച്ചാണ്. കൂടുതൽ കൂടുതൽ അപകടങ്ങളുടെ പടിവാതുക്കലാണ് നാം. ജോലിസ്ഥിരതതന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. ഇതെല്ലാം മനസിലാക്കി സംഘടിത ശക്തി വർദ്ധിപ്പിച്ച് മുന്നേറാൻ കഴിയണം. ഈ സമ്മേളനം ചർച്ചചെയ്യുന്ന മറെറാരു മുഖ്യവിഷയം കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനെപ്പററിയാണ്. ഈ രംഗത്ത് ആകെ ഒരു ഉടച്ചുവാർക്കൽ അനിവാര്യമായിരിക്കുന്നു.

കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങളിലെ ശരിയുംതെററും വിലയിരുത്തി കൂടുതൽ കരുത്തോടെ മുന്നേറാനുള്ള അവസരമാണ് തിരുവനന്തപുരം സമ്മേളനമൊരുക്കുന്നത്. ആ പ്രാധാന്യം മനസ്സിലാക്കി സമ്മേളനം വിജയിപ്പിക്കാൻ എല്ലാ അധ്യാപകരും രംഗത്തിറങ്ങണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. □




നെന്മാറ എൻ. എസ്. എസ്. കോളേജ് അധ്യാപകനായിരിക്കെ അന്തരിച്ച ഹരിശ്ചന്ദ്രൻെറ കുടുംബത്തെ സഹായിക്കാൻ സ്വരൂപിച്ച ഫണ്ട് എകെപിസിടിഎ ജനറൽ സെക്രട്ടറി നൽകുന്നു.

ഡോ. വി. രാജേന്ദ്രൻ

# 38–ാം സമ്മേളനത്തിന്റെ പ്രാധാന്യം

AKPCTA യുടെ 38-ാം സംസ്ഥാന സമ്മേളനത്തിന് തലസ്ഥാന നഗരി ഒരുങ്ങുകയാണ്. മാർച്ച് 15, 16, 17 തീയതികളിലായി നടക്കുന്ന സമ്മേളനം നമ്മുടെ സംഘടനയെ സംബന്ധിച്ച് അതീവ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കഴിഞ്ഞ 37 വർഷത്തെ ചരിത്രത്തിനിടയിൽ കേരളത്തിലെ സ്വകാര്യകോളേജ് അദ്ധ്യാപകരുടെ അന്തസും അഭിമാനവും സംരക്ഷിക്കുവാനായി ധീരോദാത്തമായ സമര-പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുത്ത പ്രസ്ഥാനത്തിന്റെ വരും നാളുകളിലേക്ക് പുത്തൻ ആശയവും പ്രവർത്തന ശൈലിയും രൂപപ്പെടുത്തുവാനുള്ള പുറപ്പാടാണ് ഈ സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നത്.

## പുത്തൻ വിദ്യാഭ്യാസ ദർശനം

വിദ്യാഭ്യാസ പരിഷ്കരണത്തിനും പുരോഗതിക്കും വേണ്ടിയാണ് നാം എന്നും നിലകൊണ്ടിട്ടുള്ളത്. പരിഷ്കരണവും പുരോഗതിയും ഏതു ദിശയിലായിരിക്കണമെന്ന കാര്യത്തിലും നമുക്ക് നിശ്ചയദാർഢ്യമുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് സമഗ്രമായ ഒരു ദർശനം രൂപപ്പെട്ടു വന്നിട്ടില്ല. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന നമുക്ക് ഈ രംഗത്ത് ക്രിയാത്മകമായ നിർദ്ദേശങ്ങൾ വയ്ക്കുവാനുള്ള ബാദ്ധ്യതയുണ്ട്. ആ ബാധ്യത ഏറ്റെടുത്തു കൊണ്ടു സമഗ്രമായ ഒരു വിദ്യാഭ്യാസ ദർശനത്തിന് നാം രൂപം നല്കിയിരിക്കയാണ്. 37-ാം സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച ഇതു സംബന്ധിച്ച കരടുരേഖ സംഘടനയ്ക്കകത്തും പുറത്തും വിവിധ വേദികളിൽ ചർച്ചചെയ്ത് അന്തിമരൂപം നല്കിക്കൊണ്ട് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയാണ്.

നമ്മുടെ വിദ്യാഭ്യാസം നിരവധി വെല്ലുവിളികളെ നേരിടുകയാണ്. കമ്പോളവത്കരണത്തിന്റെയും ഉദാരവല്ക്കരണത്തിന്റെയും ഭാഗമായി വിദ്യാഭ്യാസരംഗമാകെ കച്ചവടവത്കരിച്ചിരിക്കുകയാണ്. ഈ രംഗത്ത് നിലവിലിരുന്ന ജനകീയതയും പരിപാവനതയും നഷ്ടപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസ പ്രക്രിയയുടെ ലക്ഷ്യം തന്നെ തിരുത്തപ്പെട്ടിരിക്കുന്നു. സമൂഹത്തിന്റെ ഭാവി നന്മയ്ക്കു വേണ്ടി ഉത്പാദന-സേവനമേഖലകളിൽമാനുഷിക ശേഷി വാർത്തെടുക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം ഇന്ന് കച്ചവടക്കാർക്കും കള്ളപ്പണക്കാർക്കും ലാഭം കൊയ്യുവാനുള്ള മേഖലയായി അധഃപ്പതിച്ചിരിക്കുന്നു. സമത്വവും നീതിയുമൊക്കെ ഇവിടെ നിഷേധിക്കപ്പെടുന്നു. പണമില്ലാത്തവന് അപ്രാപ്യമായ ഒരു മേഖലയായി ഇന്ന് വിദ്യാഭ്യാസം തരംതാണിരിക്കുന്നു, പരീക്ഷകൾ നടത്തുന്നവർക്ക് അതിന്റെ ലക്ഷ്യവും മൂല്യവുമൊന്നും പ്രശ്നമേയല്ലെന്ന് വന്നിരിക്കുന്നു. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെങ്കിൽ വിദ്യാഭ്യാസരംഗത്താകെയുള്ള ഒരു ഉടച്ചുവാർക്കൽ കൂടിയേതീരൂ എന്നതാണ് യാഥാർത്ഥ്യം. അതിനാകട്ടെ നിയതമായൊരു മാർഗരേഖയും ദർശനവും കൂടിയേതീരൂ. അത്തരമൊരു ദർശനം രൂപപ്പെടുത്തുവാൻ ഉത്തരവാദപ്പെട്ടവർ പലരും തുനിഞ്ഞിട്ടില്ല. എന്നത് ഖേദകരമായ ഒരു വസ്തുതയാണ്.

ഈ സന്ദർഭത്തിൽ വിദ്യാഭ്യാസ രംഗത്ത് ഒരു സാമൂഹ്യദർശനം രൂപപ്പെടുത്തുവാൻ കഴിഞ്ഞു എന്നത് നമുക്കെവർക്കും അഭിമാനകരമായ വസ്തുതയാണ്. സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച് പ്രസിദ്ധീകൃതമാകുന്ന പ്രസ്തുത രേഖ നമ്മുടെ സംഘടനയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരിക്കുമെന്നതിൽ സംശയമില്ല.

സംഘടന അവതരിപ്പിക്കുന്ന രേഖയുടെ മുഖ്യാംശങ്ങൾ ഇവയാണ്:

1 വിദ്യാഭ്യാസത്തിന്റെ മൗലികമായ പരിവർത്തനത്തിനുവേണ്ടി പലവട്ടം ഉറക്കെ സംസാരിച്ചുവെങ്കിലും അത് ഒരു യാഥാർത്ഥ്യമാക്കുവാൻ സ്വാതന്ത്ര്യം കിട്ടി അഞ്ച് പതിററാണ്ടുകളായിട്ടും നമുക്ക് കഴിഞ്ഞിട്ടില്ല. കോളനിവാഴ്ചക്കാലത്തെ വിദ്യാഭ്യാസ വ്യവസ്ഥയുടെ ലക്ഷ്യങ്ങളും മൂല്യങ്ങളും തന്നെയാണ് ഇന്നും നമ്മെ ഭരിക്കുന്നത്. ആയതിനാൽ, നിലവിലുള്ള വിദ്യാഭ്യാസ ചിന്തയുടെയും ഘടനകളുടെയും സമഗ്രവും മൗലികവുമായ പരിവർത്തനത്തിൽ കുറഞ്ഞ ഒന്നും നമുക്ക് ലക്ഷ്യമായി വയ്ക്കാനാവില്ല,

2 മനുഷ്യൻ സ്വതന്ത്രനാണ്, സ്വന്തം ഭാഗധേയം നിർണ്ണയിക്കാൻ അവകാശവും പ്രാപ്തിയുമുള്ളവൻ. ഈ ലോകത്തിൽ പ്രവർത്തിക്കുകയും, ലോകത്തെ പരിവർത്തിപ്പിക്കുകയും ചെയ്യുകയാണ് അവന്റെ സത്താപരമായ നിയോഗം. ഈ സ്വാതന്ത്ര്യത്തിലേക്ക് മനുഷ്യനെ പ്രാപ്തരാക്കുന്ന സമഗ്ര സാംസ്കാരിക പ്രക്രിയയാണ് വിദ്യാഭ്യാസം. അത് ഒരു 'അധികാരമാർജ്ജിക്കൽ' പ്രക്രിയയാണ്,

3 സമഗ്രമായ ദർശനത്തിൽ, വിദ്യാഭ്യാസം കേവലം തൊഴിൽപരിശീലനമല്ല. അറിവിന്റെ ഉപഭോക്താക്കളെ സൃഷ്ടിക്കുന്ന പ്രക്രിയയുമല്ല. തൊഴിൽ പരിശീലനത്തോടൊപ്പം മററു ചില മൗലിക ധർമ്മങ്ങളും വിദ്യാഭ്യാസത്തിന് നിർവഹിക്കുവാനുണ്ട്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അവർ ഈ സമൂഹത്തിൽ ആരാണെന്ന ബോധം നിർണ്ണായകമാണ്.

4 വിദ്യാഭ്യാസരംഗത്ത് ഇന്ന് കേരളം ഒരു പ്രതിസന്ധിയെ നേരിടുകയാണ്. നിലവാരത്തകർച്ച, വർദ്ധിച്ചു വരുന്ന അഴിമതി, തൊഴിലിന് പ്രയോജനപ്പെടാത്ത പാഠ്യപദ്ധതി, പരീക്ഷകളുടെ വിശ്വാസ്യതാനഷ്ടം, കമ്പോളവല്കരണം, വരേണ്യവല്കരണം തുടങ്ങിയ പ്രശ്നങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയാകെ കലുഷിതമാക്കിയിരിക്കുന്നു. ഈ ഓരോ പ്രശ്നത്തിന്റെയും വിശദവും സൂക്ഷ്മവുമായ വിശകലനം കൂടിയേ തീരൂ.

5 സ്കൂൾ വിദ്യാഭ്യാസതലത്തെ ശാസ്ത്രീയമായി പുനർവിഭജിക്കുകയും ഓരോ തലത്തിന്റെയും ഉദ്ദേശ്യങ്ങൾ വ്യക്തമായി നിർവചിക്കുകയും വേണം. വിദ്യാഭ്യാസഘട്ടങ്ങളെക്കുറിച്ച് ശ്രേണീപരമായ ഒരു ധാരണയല്ല ആവശ്യം. ഒരു ഘട്ടം മറെറാരു ഘട്ടത്തിലേക്ക് നയിക്കുകയാണ് സ്വാഭാവികതയെന്ന ധാരണ തിരുത്തപ്പെടണം. സ്കൂൾ വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസത്തിനുള്ള തയ്യാറെടുപ്പു മാത്രമാണെന്ന ചിന്തക്ക് മാററം വരണം പത്താം ക്ലാസ് കഴിഞ്ഞ് വഴി തിരിയാനുള്ള സാദ്ധ്യത സൃഷ്ടിക്കുന്നതാകണം സെക്കണ്ടറി വിദ്യാഭ്യാസം. ഹയർ സെക്കണ്ടറി കോഴ്സ് നിർബന്ധമായും 'ടെർമിനൽ' സ്വഭാവമുള്ളതായിരിക്കണം.

6 ഉന്നത വിദ്യാഭ്യാസം കാലപരമായ ഒരു ഘട്ടം മാത്രമല്ല. അത് ഗുണപരം കൂടിയാണ്. . ഇന്നുള്ള അറിവിന്റെ വിമർശനവും പുതിയ അറിവിന്റെ വ്യാപനവും ഉൾക്കൊള്ളുന്ന ഒരു പ്രക്രിയയെ മാത്രമേ ഉന്നത വിദ്യാഭ്യാസമെന്ന് പറയാനാവൂ. അറിവിനെ സ്വാതന്ത്ര്യത്തിന്റെയും സാമൂഹികവും പ്രകൃതിപരവുമായ പരിരക്ഷണത്തിന്റെയും മാനദണ്ഡങ്ങൾ ഉപയോഗിച്ച് വിമർശിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്ന ധർമ്മം അനുഷ്ഠിക്കാത്ത പ്രക്രിയ ഉന്നതവിദ്യാഭ്യാസമെന്ന സംജ്ഞയ്ക്കർഹമല്ല. രാജ്യത്തിന്റെ വികസനാവശ്യങ്ങൾ നിറവേററാൻ വേണ്ട മനുഷ്യവിഭവങ്ങൾ ഒരുക്കാനുള്ള ബാദ്ധ്യത കൂടി ഉന്നത വിദ്യാഭ്യാസത്തിനുണ്ട്. അതുകൊണ്ട് രാഷ്ട്രത്തിന്റെ വികസനാവശ്യങ്ങളുമായി ബന്ധിപ്പിച്ചു വേണം ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയും പുനഃസംഘാടനവും കാണാൻ.

7 സർവ്വകലാശാലകൾ സമൂഹ മനഃസാക്ഷിയാണെന്ന് വിവക്ഷിക്കപ്പെടുന്നു. ഗവേഷണവും അറിവിന്റെ വ്യത്യസ്തവും നൂതനവുമായ മേഖലകളിലെ പഠനവും നടത്തുക എന്നതാണ് സർവ്വകലാശാലകളുടെ കർത്തവ്യം. എന്നാൽ, ഉന്നത വിദ്യാഭ്യാസ ലക്ഷ്യങ്ങളോട് നീതി പുലർത്തുന്ന ഒരു വിദ്യാഭ്യാസ പദ്ധതി വളർത്തിയെടുക്കുന്നതിലും അഴിമതിരഹിതവും കാര്യക്ഷമവുമായ ഭരണനിർവഹണം നടത്തുന്നതിലുമെല്ലാം നമ്മുടെ സംസ്ഥാനത്തെ സർവ്വകലാശാലകൾ പരാജയപ്പെട്ടിരിക്കയാണ്,

(ശേഷം 25-ാം പേജിൽ)

## എസ്. വിശ്വനാഥൻ
സെക്രട്ടറി, ഐഫക്ടോ

# ഐഫക്ടോ : അഖിലേന്ത്യാ മുന്നേററം

ഉന്നത വിദ്യാഭ്യാസരംഗം കടുത്ത വെല്ലുവിളികളെ നേരിടുന്ന കാലമാണിത്. ഇൻഡ്യാ ഗവൺമെൻറിന്റെ ആഗോളവല്ക്കരണം, ഉദാരവല്ക്കരണം, സ്വകാര്യവല്ക്കരണം എന്നിവയുടെ കടന്നാക്രമണം പല രൂപത്തിൽ ഈ മേഖലയിൽ വന്നിരിക്കുന്നു. 1995 ജൂൺ 4,5,6 തീയതികളിൽ ബറോഡയിൽ നടന്ന ഐഫക്ടോയുടെ 18-ാം ദ്വൈവാർഷിക സ്ററാററ്യൂട്ടറി സമ്മേളനം മുഖ്യമായും ആലോചിച്ചത് ഗവൺമെൻറിന്റെ ഈ നയസമീപനങ്ങളെ ചെറുക്കുന്നതിനെപ്പററിയായിരുന്നു.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ വാണിജ്യവല്ക്കരണം തടയുക, കോളേജ് യൂണിവേഴ്സിററി അദ്ധ്യാപകരുടെ ശമ്പളം പരിഷ്ക്കരിക്കുക, എല്ലാ അദ്ധ്യാപകർക്കും ഇടക്കാലാശ്വാസം അനുവദിക്കുക, യൂണിവേഴ്സിററിയുടെ ജനാധിപത്യ സ്വഭാവവും സ്വയം ഭരണാധികാരവും നിലനിർത്തുക തുടങ്ങിയ ഡിമാൻറുകളാണ് ബറോഡാ സമ്മേളനം ഉയർത്തിയത്. ഈ ആവശ്യങ്ങൾ കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് 1995 ജൂലൈ 21 ന് പാർലമെൻറു മുമ്പാകെ ഐഫക്ടോയുടെ നേതൃത്വത്തിൽ കൂട്ടധർണ്ണ നടത്തി.

വിദ്യാഭ്യാസ മേഖലയെ സ്വകാര്യവല്ക്കരിക്കാനും വാണിജ്യവല്ക്കരിക്കാനുമുള്ള ഗവൺമെൻറ് നീക്കത്തെ ചെറുക്കുന്നതിനെപ്പററി ആലോചിക്കാൻ സ്കൂൾ-കോളേജ്-യൂണിവേഴ്സിററി മേഖലയിലെ മുഴുവൻ അദ്ധ്യാപകസംഘടനാ പ്രതിനിധികളുടെയും ഒരു സുപ്രധാന യോഗം വിളിച്ചുചേർത്തു. ഉത്തർപ്രദേശിലെ ഖാസിയാബാദിൽ ജൂലൈ 22-നാണ് യോഗം ചേർന്നത്. ഗവൺമെൻറ് നീക്കത്തെ ശക്തിപൂർവ്വം ചെറുക്കണമെന്ന് ആ യോഗം തീരുമാനമെടുത്തു. വിദ്യാഭ്യാസ വാണിജ്യവല്ക്കരണത്തെ കൺവൻഷൻ അപലപിച്ചു. ഇന്നു നിലനില്ക്കുന്ന വർദ്ധിച്ച തോതിലുള്ള നിരക്ഷരതയുടെ പ്രശ്നം ഉത്കണ്ഠാപൂർവ്വമാണ് യോഗം വിലയിരുത്തിയത്. പ്രൈമറിതലം മുതൽ യൂണിവേഴ്സിററി വരെയുള്ള വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്ക് ഉയർന്ന തോതിലുള്ള ഫണ്ട് അലോക്കേഷൻ നടത്താൻ തയ്യാറാകണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളോട് യോഗം ആവശ്യപ്പെട്ടു. ദേശീയ വരുമാനത്തിന്റെ ആറു ശതമാനമെങ്കിലും വിദ്യാഭ്യാസ മേഖലയ്ക്കു വേണ്ടി നീക്കിവയ്ക്കേണ്ടതാണ്.

യു ജി സി നിയമിച്ച റസ്തോഗി കമ്മിററിയുമായി സെപ്തംബർ 25 ന് ഐഫക്ടോ വിശദമായ ചർച്ച നടത്തി. കഴിഞ്ഞ യു ജി സി ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക, ഐ ഐ ടി, ഐ. ഐ. എം., ഐ. ഐ. എസ് തുടങ്ങിയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുമായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്ക് മുമ്പു നിലനിന്നിരുന്ന തുല്യത പുനഃസ്ഥാപിക്കുക തുടങ്ങിയ പ്രശ്നങ്ങൾ റസ്തോഗി കമ്മിററിയുമായി ചർച്ച ചെയ്തു.

ഐഫക്ടോ നാഷണൽ എക്സിക്യൂട്ടീവ് യോഗം ഒക്ടോബർ മാസം അവസാനവാരത്തിൽ ഷില്ലോങ്ങിൽ ചേരുകയുണ്ടായി. വടക്കു കിഴക്കൻ മേഖലയിലെ കോളേജധ്യാപകരുടെ പ്രശ്നങ്ങൾ ഈ യോഗം പ്രത്യേകമായി ചർച്ച ചെയ്തു.

ഫെബ്രുവരി 27 ന് ഡൽഹിയിൽ ഐഫക്ടോ നടത്തിയ വമ്പിച്ച പാർലമെൻറ് മാർച്ച് ദേശീയ ശ്രദ്ധ പിടിച്ചു പററുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ ഉയർന്നുവന്നിട്ടുള്ള വിപത്തുകൾക്ക് പരിഹാരം ഉണ്ടാക്കാത്ത സർക്കാർ നയത്തിൽ പ്രതിഷേധിച്ചായിരുന്നു മാർ

### എറണാകുളം ജില്ലാസമ്മേളനം

# പരീക്ഷാ നടത്തിപ്പ് കാര്യക്ഷമമാക്കണം

സർവ്വകലാശാല പരീക്ഷകളുടെ താളം തെററിയ നടത്തിപ്പും ഫലപ്രഖ്യാപനത്തിലെ കാലതാമസവും വിദ്യാർത്ഥികൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. പരീക്ഷ നടത്തിപ്പിലെ കാര്യക്ഷമതയും വിശ്വാസ്യതയും നിലനിർത്താൻ നടപടികൾ ആവിഷ്ക്കരിക്കണമെന്ന് എ കെ പി സി ടി എ എറണാകുളം ജില്ലാസമ്മേളനം മഹാത്മാഗാന്ധി സർവ്വകലാശാലയോട് ആവശ്യപ്പെട്ടു. പല പരീക്ഷകളുടേയും ഉത്തരകടലാസുകൾ മാസങ്ങളോളം സർവ്വകലാശാല ഓഫീസിൽ കെട്ടിക്കിടക്കുന്നു. ഇതു പരീക്ഷാഫലപ്രഖ്യാപനം കൃത്യമായി നടത്തുന്നതിന് കാലതാമസം സൃഷ്ടിക്കുന്നു. ഇത് ഒഴിവാക്കാൻ സർവ്വകലാശാല അധികൃതർ നടപടികൾ ആവിഷ്ക്കരിക്കണമെന്നു യോഗം അഭ്യർത്ഥിച്ചു,

റിട്ടയർ ചെയ്തവർക്കും സർവ്വീസിലുള്ള അധ്യാപകർക്കും പി എഫ്, പുതിയതായി നിയമിച്ച അധ്യാപകരുടെ ശമ്പളം, അധ്യാപകരുടെ പ്രമോഷൻ എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നു സമ്മേളനം ആവശ്യപ്പെട്ടു. സർക്കാർ ഓരോ നിയമങ്ങൾ സൃഷ്ടിച്ചും അവ ദുർവ്യാഖ്യാനം ചെയ്തും പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. അതുകൊണ്ട് പല ആനുകൂല്യങ്ങളും അധ്യാപകർക്ക് ലഭിക്കുന്നതിന് വർഷങ്ങളോളം താമസം നേരിടുന്നുണ്ട്.

സ്കൂൾ—സർവ്വകലാശാല പരീക്ഷകൾ അടുത്തിരിക്കുന്ന ഈ സന്ദർഭത്തിൽ നിരന്തരമുള്ള പവർകട്ട് വിദ്യാർത്ഥികളേയും മാതാപിതാക്കളേയും ആശങ്കാകുലരാക്കിയിരിക്കുകയാണ്. ശാസ്ത്രീയമായ വൈദ്യുതി വിതരണത്തിലൂടെയും ശരിയായ ആസൂത്രണത്തോടും ദീർഘകാല കാഴ്ചപ്പാടോടും വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പവർകട്ട് ഒഴിവാക്കാനു

(ശേഷം 23—ാം പേജിൽ,

---

ച്ച്. വിദ്യാഭ്യാസരംഗത്തെ സ്വകാര്യവല്ക്കരണവും കമ്പോളവല്ക്കരണവും അവസാനിപ്പിക്കുക. ദേശീയ വരുമാനത്തിന്റെ കുറഞ്ഞത് ആറു ശതമാനമെങ്കിലും വിദ്യാഭ്യാസത്തിന് നീക്കി വയ്ക്കുക, പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുക, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് കേന്ദ്രനിയമം കൊണ്ടുവരിക, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണം ജനാധിപത്യവല്ക്കരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് പാർലമെൻറ് മാർച്ചിൽ ഉന്നയിച്ചത്. രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും എത്തിച്ചേർന്ന കോളേജധ്യാപകരുടെ ഈ പാർലമെൻറ് മാർച്ച് ഐഫക്ടോയുടെ കരുത്ത് വെളിവാക്കുന്നതായിരുന്നു.

അഖിലേന്ത്യാതലത്തിൽ കോളേജദ്ധ്യാപകർക്കുള്ള ഏകസംഘടന 'ഐഫക്ടോ'ആണ്. അവകാശസമരരംഗത്തും, അക്കാദമിക്രംഗത്തും അദ്ധ്യാപകരുടെ സംഘശക്തി പ്രയോജനപ്പെടുത്താനാണ് ഐഫക്ടോ ശ്രമിക്കുന്നത്. സംഘടനയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ ഈ ലക്ഷ്യം നിറവേററാൻ ഏറെ സഹായകരമായിരുന്നു. □

# ജനവിരുദ്ധ വിദ്യാഭ്യാസനയത്തിനെതിരേ അദ്ധ്യാപകർ സമർപ്പിക്കുന്ന കുററപത്രം

(കേരളസർക്കാരിന്റെ വികലമായ വിദ്യാഭ്യാസ നയത്തിനെതിരേ അധ്യാപകർ സമർപ്പിക്കുന്ന കുററപത്രത്തിന്റെ പൂർണ്ണരൂപമാണ് താഴെ കൊടുക്കുന്നത്. സ്കൂൾ-കോളേജ് അധ്യാപകർ ഓരോരുത്തരും ഒപ്പിട്ടാണ് ഈ കുററപത്രം നല്കുന്നത്)

എല്ലാവർക്കും വിദ്യാഭ്യാസമെന്ന മഹത്തായ ലക്ഷ്യം ഏറെക്കുറെ പൂർണ്ണമാക്കിയ സംസ്ഥാനമാണ് കേരളം. സാമ്പത്തികവും സാമുദായികവുമായ ഉച്ചനീചത്വങ്ങൾ ഒന്നുമില്ലാതെ — യോഗ്യതയുടെ അടിസ്ഥാനത്തിൽമാത്രം സെക്കണ്ടറിതലംവരെ എല്ലാവർക്കും സൗജന്യവിദ്യാഭ്യാസം നാം നേടിയെടുത്തു. അധസ്ഥിതവും അധകൃതവുമായ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നിരവധി സൗജന്യങ്ങളും സൗകര്യങ്ങളും വർഷങ്ങളായി വ്യാപകമാക്കിയ നാടാണുനമ്മുടേത്. കുട്ടികൾക്കുമാത്രമല്ല, അക്ഷരത്തിന്റെ വെളിച്ചം നിഷേധിക്കപ്പെട്ടിരുന്ന നാനാതലത്തിലുള്ള ജനലക്ഷങ്ങൾക്കു സംപൂർണ്ണ സാക്ഷരത വാഗ്ദാനം ചെയ്ത് ഇച്ഛാശക്തിയോടെ നടപ്പിലാക്കിയതും ഇവിടെയാണ്. നൂററാണ്ടുകളായി ജാതിമത താല്പര്യങ്ങൾക്ക് അതീതമായി കേരളം നേടിയെടുത്ത സാമൂഹ്യവിദ്യാഭ്യാസപരിഷ്ക്കരണ പ്രവർത്തനങ്ങളുടെ ശക്തമായ ഭൂമികയിൽ നിന്നുകൊണ്ടായിരുന്നു ഈ നേട്ടങ്ങളെല്ലാം നാം നേടിയത്.

എന്നാൽ ഇന്നു കേരളം ഭരിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ഈ നേട്ടങ്ങളെല്ലാം ഒന്നൊന്നായി തകർത്തുകൊണ്ടിരിക്കുകയാണ്.

★ കേരളത്തിന്റെ അഭിമാനമായ സമ്പൂർണ്ണ സാക്ഷരതാ പദ്ധതിയുടെ തുടർപ്രവർത്തനം പാടേ തകർത്തു.

★ നമ്മുടെ സംസ്കാരിക വളർച്ചയ്ക്ക് വേരോട്ടം നൽകിയ 'ഗ്രാമീണ യൂണിവേഴ്സിററി'കളായിരുന്ന ഗ്രന്ഥശാലകളുടെ പ്രവർത്തനം നിർജീവമാക്കി.

★ സാധാരണക്കാരുടെ മക്കൾക്ക് വിദ്യപകർന്നതും ചരിത്രസ്മാരകങ്ങളുമായ പാരമ്പര്യമുള്ള പ്രാദേശിക വിദ്യാലയങ്ങൾ ഓരോന്നായി അടച്ചുപൂട്ടി.

★ ഫീസ് വർദ്ധിപ്പിച്ചും പാഠപുസ്തകങ്ങളുടെ വിലകൂട്ടിയും യാത്രസൗജന്യങ്ങൾ റദ്ദാക്കിയും നിലവിലുള്ള പഠനസൗകര്യങ്ങൾ എല്ലാം നിഷേധിക്കുന്നു.


★ വിദ്യാഭ്യാസ രംഗത്ത് ഒററയടിക്ക് നൂറുകണക്കിന് അൺ എയിഡഡ് ഇംഗ്ളീഷ് മീഡിയം സ്കൂളുകൾ ജാതിമതവർഗ്ഗീയ ശക്തികൾക്കു കച്ചവടത്തിന് ഏൽപ്പിച്ചുകൊടുത്തു. ഇതിന്റെ ഫലമായി സാധാരണക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങിയെന്നുമാത്രമല്ല, ആയിരക്കണക്കിനു അദ്ധ്യാപകർ തെരുവാധാരമാകുകയും ചെയ്തു.

★ അൺ എയിഡഡ് ബിസിനസ് ഉന്നതവിദ്യാഭ്യാസ രംഗത്തേയ്ക്കും വ്യാപിപ്പിച്ചു.

★ നൂറുവർഷംകൊണ്ട് 173 കോളേജുകളാണ് ഇവിടെ, സർക്കാർ-സ്വകാര്യമേഖലകളിൽ സ്ഥാപിക്കപ്പെട്ടതെങ്കിൽ ഒററ വർഷംകൊണ്ടുതന്നെ അറുപതിരണ്ടിലധികം അൺ എയിഡഡ് കോളേജുകൾ കച്ചവടതാല്പര്യത്തിനു കൈമാറി,

★ മെഡിക്കൽ എഞ്ചിനീയറിംഗ് പഠനരംഗത്ത് സ്വാശ്രയപേരിട്ട് പുതിയ കോളേജുകൾക്ക് ആരംഭം കുറിച്ചു.

## നിർമ്മലയ്ക്ക് ഡോക്ടറേററ്



നിലമേൽ എൻ. എസ്. എസ്. കോളേജ് ഹിസ്ററി അധ്യാപിക എസ്. നിർമ്മലയ്ക്ക് കേരള സർവ്വകലാശാലയിൽനിന്നും ഡോക്ടറേററ് ലഭിച്ചു. 'തിരുവിതാംകൂറിലെ ദേവദാസികളുടെ ചരിത്രം' എന്ന വിഷയത്തിലായിരുന്നു ഗവേഷണം.

നിർമ്മലയ്ക്ക് എ.കെ.പി.ടി.എ. യുടെ അഭിനന്ദനങ്ങൾ.

## ഗുൽമുഹമ്മദിന് ഡോക്ടറേററ്



ഫറൂക്ക് ട്രെയിനിംഗ് കോളേജ് അധ്യാപകൻ എ. ഗുൽമുഹമ്മദിന കോഴിക്കോട് സർവ്വകലാശാലയിൽനിന്നും ഡോക്ടറേററ് ലഭിച്ചു. എഡ്യൂക്കേഷനിലാണ് ഡോക്ടറേററ്.

ഗുൽമുഹമ്മദിന് എ. കെ. പി. സി.ടി.എ. യുടെ അഭിനന്ദനങ്ങൾ.

---

★ ഇവിടെയെല്ലാം താങ്ങാനാവാത്തവിധം ഫീസ് നിരക്ക് വർദ്ധിപ്പിച്ചു. ഒരു കാലത്ത് പ്രക്ഷോഭങ്ങളിലൂടെ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ അവസാനിപ്പിച്ച കൈക്കൂലിയും കോഴയും പുനഃസ്ഥാപിച്ചു.

★ സർക്കാരിന്റെ സ്ഥലവും പൊതുപണവും ഉപയോഗിച്ച് സഹകരണമെന്ന വ്യാജേന പരിയാരത്ത് മെഡിക്കൽ വിദ്യാഭ്യാസ കച്ചവടത്തിന് തുടക്കം കുറിച്ചു.

★ ഇതിനെ ചോദ്യം ചെയ്ത് ഉയർന്നുവന്ന ജനകീയ പ്രക്ഷോഭത്തെ അതിനിഷ്ഠൂരമായാണ് നേരിട്ടത്.

ഇങ്ങനെ കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരിച്ചും വർഗ്ഗീയവത്കരിച്ചും വാണിജ്യവത്കരിച്ചും നമ്മുടെ നാട്ടിൽ നൂററാണ്ടുകളായി നിലനിന്നുപോരുന്ന സാർവത്രികവും സാർവജനീനവുമായ വിദ്യാഭ്യാസ പുരോഗതിയെ പുറകോട്ടടുപ്പിച്ച സംസ്ഥാന ഭരണാധികാരികളുടെ ദുർനയങ്ങൾക്കെതിരെ ഞങ്ങൾ തയ്യാറാക്കിയ ഈ കുററപത്രം ഗവൺമെൻറിനെ പ്രതിക്കൂട്ടിൽ നിറുത്തിക്കൊണ്ട് ബഹുജനസമക്ഷം സമർപ്പിക്കുകയാണ്. □

# സംഘടനയുടെ തുടക്കം

1958 ഡിസംബർ 21 ാം തീയതി എറണാകുളം സെൻറ് ആൽബേർട്ട്സ് കോളേജിൽ വെച്ചാണ് എകെപിസിടിഎ രൂപീകരിക്കപ്പെട്ടത്. പ്രൈവററ് കോളേജ് അദ്ധ്യാപക പ്രസ്ഥാനത്തിന് ബീജാവാപം ചെയ്തത് പ്രൊഫ. എം. പി. പോളായിരുന്നു. അദ്ദേഹത്തിൻെറ അനുഭവവും തുടർന്നു നടത്തിയ ശ്രമങ്ങളും പിൽകാലത്ത് സംഘടിതപ്രസ്ഥാനമായി മുന്നോട്ടു കൊണ്ടുപോയത് തിരുവനന്തപുരം എം. ജി. കോളേജ് ലക്ചറർ ആയിരുന്ന ശ്രീ. വിജയൻനായരാണ്. ഈ പ്രസ്ഥാനത്തിന്ന് വ്യക്തമായ ഒരു സംഘടനാരൂപമുണ്ടായത് 1952 മാർച്ച് 16-ാം തീയതിയാണ്. അന്ന് തിരുവനന്തപുരത്ത് നടന്ന കൺവൻഷനിൽവെച്ച് തിരുവിതാംകൂർ യൂണിവേഴ്സിററി പ്രൈവററ് കോളേജ് ടീച്ചേഴ്സ് യൂണിയൻ രൂപമെടുത്തു. കൊല്ലം എസ് എൻ കോളേജ് പ്രിൻസിപ്പാളായിരുന്ന ശ്രീ. എ രാമയ്യരായിരുന്നു ആദ്യത്തെ പ്രസിഡണ്ട്. 1956-ൽ സംഘടനയുടെ പേര് ട്രാവൻകൂർ യൂണിവേഴ്സിററി പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നാക്കി മാററി. 1957 ൽ തിരുവനന്തപുരത്തുവച്ച് നടന്ന രണ്ടാമത്തെ കൺവൻഷനിൽ വെച്ച് ഈ സംഘടന കേരള പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (KPCTA) എന്നായി രൂപാന്തരപ്പെട്ടു. 1957 ൽ തന്നെ കൊച്ചി മലബാർ പ്രദേശത്ത് പരേതരായ പ്രൊഫ. നാരായണ സ്വാമി, പ്രൊഫ. വി. ആർ. സുബ്രഹ്മണ്യൻ എന്നിവരുടെ നേതൃത്വത്തിൽ മലബാർ കൊച്ചി പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (MCPCTA) എന്നൊരു സംഘടന നിലവിൽവന്നു, ഈ രണ്ടു സംഘടനകളും സംയോജിച്ചാണ് 1958 ൽ എ കെ പി സി ടി എ ജന്മമെടുത്തത്. പരേതനായ പ്രൊഫ. പി. സി. ജോസഫ് (സെൻറ് തോമസ് കോളേജ് പാലാ) പ്രൊഫ. കെ വേലായുധൻ നായർ (എസ് എൻ കോളേജ്, കൊല്ലം) 1979 ൽ അന്തരിച്ച പ്രൊഫ. വി. ആർ. സുബ്രഹ്മണ്യൻ (സെൻറ് തോമസ് കോളേജ്, തൃശ്ശൂർ) തുടങ്ങിയവരാണ് ഈ ലയനസംരംഭത്തിന്ന് മുൻകയ്യെടുത്ത് AKPCTA സ്ഥാപിച്ച നേതാക്കൾ. കേരളത്തിലുടനീളമുള്ള പ്രൈവററ് കോളേജ് അദ്ധ്യാപകർ അങ്ങിനെ ഏകപ്രസ്ഥാനമായി ഒരു കൊടിക്കീഴിൽ അണിനിരന്നു.

1958 ൽ കേരളത്തിലെ പ്രൈവററ് കോളേജ് അദ്ധ്യാപകർ എല്ലാതരത്തിലും കരുണയർഹിക്കുന്ന ഒരു വിഭാഗമായിരുന്നു. തുച്ഛമായ വേതനം സദാപി തലയ്ക്ക് മുകളിൽ തൂങ്ങി നിൽക്കുന്ന പിരിച്ചുവിടൽ ഭീഷണി, ശമ്പള വിതരണത്തിൽ കൃത്യതയില്ലായ്മ തുടങ്ങി നിരവധി പരാധീനതകളായിരുന്നു അവരെ നേരിട്ടിരുന്നത്. സംഘടിത പ്രവർത്തനത്തിൻെറ ഫലമായി ഈ അവശതകളിൽ പലതിനൊക്കെ ഗണ്യമായ പരിഹാരം ഇന്ന് ഉണ്ടായിട്ടുണ്ട്. 1958 ൽ A K P C T A രൂപീകൃതമായ കാലത്ത് പ്രൈവററ് കോളേജ് അധ്യാപകൻെറ ശമ്പളം വെറും 125 രൂപയായിരുന്നു. (അതിനുമുമ്പ് 100-5-150-200 എന്നായിരുന്നു. ശമ്പളസ്കെയിൽ) 100 രൂപ എന്ന അടിസ്ഥാന ശമ്പളത്തോടൊപ്പം ഐകരൂപ്യമില്ലെങ്കിലും തുച്ഛമായ ഒരു സംഖ്യ ക്ഷാമബത്തയായും മാനേജ്മെൻറുകൾ നൽകിയിരുന്നു.

(ശേഷം 22-ാം പേജിൽ)

## ഒരു വർഷം കൊണ്ട് B.A./B. Com (OSMANIA UNIVERSITY)

പ്രീഡിഗ്രി പാസായി 2 വർഷം കഴിഞ്ഞവർക്കും ഡിഗ്രിതോററവർക്കും കേരളത്തിലെ ഡിഗ്രിക്ക് തുല്യമായ B.A./B. Com ഒരു വർഷം കൊണ്ട് കരസ്ഥമാക്കാം. ദൂരെഉള്ളവർക്കു, ഉദ്യോഗസ്ഥന്മാർക്കും പ്രത്യേക പഠനസൗകര്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. Postal/ Regular coaching. U. G. C. അംഗീകരിച്ചത്. കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളും അംഗീകരിച്ചത്.

## 20 വയസ് തികഞ്ഞവർക്ക് B. A./B. Com.

### കാലിക്കററ് യൂണിവേഴ്സിററി

20 വയസ് തികഞ്ഞ ഏതൊരു ഇന്ത്യൻ പൗരനും യാതൊരുവിധ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും കൂടാതെതന്നെ (S. S. L. C. യോ മററ് വിദ്യാഭ്യാസ യോഗ്യതയോ ആവശ്യമില്ല). പ്രവേശന പരീക്ഷയുടെ സഹായത്താൽ കാലിക്കററ് യൂണിവേഴ്സിററിയുടെ B. A./ B. Com. ന് ചേർന്നു പഠിക്കാം. പ്രവേശന പരീക്ഷ ഉണ്ടായിരിക്കും — ഓഗസ്ററിൽ. Postal / Regular coaching. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകരിച്ചത്.

## 6 മാസംകൊണ്ട് പ്രീഡിഗ്രി (സയൻസ്/ആർട്സ്)

### (BHOPAL HSC + 2)

S. S. L. C. പാസായി ഒരു വർഷം കഴിഞ്ഞവർക്കും മധ്യപ്രദേശ് ബോർഡിന്റെ പ്രീഡിഗ്രിക്ക് തുല്യമായ HSC + 2 കേവലം 6 മാസം കൊണ്ട് കരസ്ഥമാക്കാം. ലളിതമായ സിലബസ് വിജയം ഉറപ്പാക്കുന്നു. സയൻസ് ഗ്രൂപ്പോ ആർട്സ് ഗ്രൂപ്പോ യഥേഷ്ടം തെരഞ്ഞെടുക്കാം. Postal/Regular coaching. Hostel for boys / girls,

## ട്രാവൽ/ടൂറിസം കംപ്യൂട്ടറൈസ്ഡ് (IATA ഡിപ്ലോമ)

വിദേശത്തും ഇന്ത്യയിലും ധാരാളം തൊഴിൽ സാധ്യതയുള്ള ട്രാവൽ / ടൂറിസം (IATA) കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. കംപ്യൂട്ടർ ടിക്കററിംഗ്, ഫെയർ കാൽക്കുലേഷൻ, റിസർവേഷൻ തുടങ്ങിയവ കംപ്യൂട്ടറിന്റെ സഹായത്താൽ പഠിപ്പിക്കുന്നു.

Duration 4 months.

*For more details send Rs. 20/-for prospectus for above courses.*

# KOTTAYAM PUBLIC COLLEGE

**NEAR AKKARA BUILDING, K. K. ROAD,**

**MARKET JUNCTION, KOTTAYAM-1**

Phone : (0481) 562303, 570347

DIRECTOR : SAJI NANTAIYATTU

# A HISTORY OF THE DEVADASIS OF TRAVANCORE

S. Nirmala
Dept. of History
N. S. S College, Nilamel

Guide: Dr. K. K. Kusuman
Head of the Dept of History
University of Kerala

Devadasi means servant of God. Devadasis were dedicated to the idol at an early age as a fulfilment of a vow made by their parents. They had to amuse the deity by singing and dancing. They were ordained as the 'brides' of the deity The system was started with lofty ideals and the devadasis rendered commendable services to the temples. However, by the passing of time, the system gradually declined and it invited widespread criticism. Finally the government had to respond to public pressure by a formal abolition of the devadasi system in 1931.

Chapter I Introduction

Meaning of the term devadasi-its Universal phenomenon-concept of women becoming the brides of God in Mesopotomia, Babylonia, Egypt, Sumeria, Greece, Assyria, Rome, China, Corinth, Africa, Cambodia, Japan, Srilanka and West Indies-detailed account of its existence in India with special reference to Travancore-presence of God's wife in different religions - Hinduism, Buddhism, Jainism, Christianity an Islam

Chapter II Origin of the system

Various theories regarding the origin-archaeological, epigraphical and literary evidences of its existence in India-its genesis in Travancore-traces during the sangam period-influence of Bhakti movement and agamic traditions-construction of structural temples-institutionalisation of the devadasi system in later days

Chapter III Enrolment of Devadasis

Theories regarding dedication-different methods of adoption-conversion of an ordinary girl to a full-fledged devadasi through the process of adoption, marriage, initiation into fine arts and debut.

Chapter IV Duties, Remuneration and Retirement

Duties and responsibilities towards God-entertaining and attending the God in person-prestigious and menial duties-remuneration for their service in cash and kind-retirement procedure and consequent pensionage benefits

Chapter V Status of Devadasis in Society

Prestigious position of the devadasis-acceptance of the post as an honorary-service-devadasis were honoured by granting titles-commanded considerable influence and confidence of the kings and queens-participation in the management of temple affairs-financial and social status-patronage from kings and chieftains-entry in royal households as wives and concubines - participation in state ceremonies, royal and public functions-their contribution to the development of fine arts and literature.

Chapter VI Degeneration and Abolition

Various causes of degeneration and decline-internal and external-priestly connection, public participation, hereditary, poverty etc. devadasis' moral degeneration-call from all sections of society for its discontinuance-measures to check further recruitment in 1909 & 1921 — opposition from devadasis against discontinuance-strong decision of the government and final abolition in 1931 by the Regent Sethu Lekshmi Bai.

Chapter VII Conclusion

A critical evaluation of all the foregoing chapters □


★ നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ബേങ്ക് ആസ്തികൾ ഇൻഷ്വർ ചെയ്തിരിക്കുന്നു.
★ 6,5% മുതൽ 20% വരെ പലിശ നിരക്കിൽ വിവിധയിനം നിക്ഷേപങ്ങൾ
★ 16% പലിശ നിരക്കിൽ 25,000 രൂപവരെ സ്വർണ്ണപണ്ട പണയവായ്പ
★ ചെറുകിട വ്യാപാരികൾക്ക് ക്യാഷ് ക്രെഡിറ്റ് വായ്പാ സൗകര്യം
★ ഉദാരവ്യവസ്ഥയിൽ സ്വയംതൊഴിൽ വായ്പാ പദ്ധതി
★ ചെറുകിട വ്യവസായത്തിനും വാഹനങ്ങൾ വാങ്ങുന്നതിനും വായ്പ 5 ലക്ഷം വരെ
★ ഹെഡാപ്പീസിൽ സെയ്ഫ് ഡപ്പോസിറ്റ് ലോക്കർ സൗകര്യം
★ 25,000 രൂപവരെ സലയുള്ള പ്രതിമാസ ലേലക്കുറികൾ
★ മറ്റു കാർഷിക-കാർഷികേതര വായ്പകൾ

വൈകുന്നേരം 3.30 മുതൽ 7.30 വരെ പ്രവർത്തിക്കുന്ന സായാഹ്നശാഖ പയ്യന്നൂരിൽ
സായാഹ്നശാഖ-ഞായർ പ്രവൃത്തി ദിവസം-വ്യാഴം ഒഴിവ്

പ്രവർത്തന മൂലധനം 17 കോടി രൂപ

കൂടുതൽ വിവരങ്ങൾക്ക് ഹെഡാപ്പീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക

ബ്രാഞ്ചുകൾ :

□ പയ്യന്നൂർ, ഫോൺ 503004, □ കരിവെള്ളൂർ ഫോൺ 224, കാങ്കോൽ ഫോൺ 238
□ പെരുമ്പ ഫോൺ 502801, □ രാമന്തളി ഫോൺ 2115 □ കവ്വായി 503135
□ അന്നൂർ □ സായാഹ്നശാഖ പയ്യന്നൂർ ഫോൺ 503004

സി. കൃഷ്ണൻ (പ്രസിഡൻറ്)    എ. ഭാസ്കരൻ (സെക്രട്ടറി)

**പയ്യന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്**

No. F. 1234

ഹെഡാപ്പീസ്: പയ്യന്നൂർ. ഫോൺ: 503004, 502662

**കണ്ണൂർ ജില്ലയിലെ പ്രമുഖ സ്പെഷ്യൽ ഗ്രേഡ് ബേങ്ക്**

## ഗവ: ഉത്തരവുകൾ

### GOVERNMENT OF KERALA

Abstract

Travelling Allowances—Revision of TA/DA of State Government Employees—Orders Issued

### FINANCE (EXPENDITURE-B) DEPARTMENT

G. O. (P) 707/95/Fin. Dated, Thiruvananthapuram, 2[illegible]th October, 1995

Read :—1. G. O. (P) 429/86/Fin. dated 13-6-1986
2. G. O. (P) 186/89/Fin dated 29-3-1989
3. G. O. (P) 448/92/Fin. dated 7-7-1992
4. G. O. (P) 600/93/Fin dated 25.9.1993
5. G. O. (P) 435/94/Fin dated 18-7-1994

### ORDER

In para 15 (7) of the G. O. Read as fourth paper above it was ordered that benefits like Special pay, Compensatory Allowance, Risk Allowance, Travelling Allowance, etc which are covered by the General Pay Revision Order 1988 but not examined by the Pay Edualisation Committee would be examined and appropriate orders issued separately. Accordingly, Government, after examining the question of revision of Travelling Allowace, and allied matters, are pleased to revise the existing rates in respect of Mileage allownce, Incidentals, Daily Allowance, Room rent, etc. , as follows :—

(I) Mileage allowance

| | Existing rate Rs. | Revised rate Rs. |
|---|---|---|
| Grade I Officers<br>Actual Pay of Rs 3,000 and above) | 0.18 | 0.36 |
| Grade II (a) Officers<br>Actual Pay of Rs. 2,500 and above but below Rs. 3,000) | 0.14 | 0.28 |
| Grade II (b) Officers<br>(Actual Pay of Rs. 1,600 and above but below Rs. 2,500. | 0.14 | 0.28 |
| Grade III Officers (including Class IV Officers actual pay of Rs. 950 and above but below Rs. 1600 | 0.12 | 0.24 |
| Grade IV All Officers with basic pay below Rs. 950 | 0.10 | 0.20 |

(ii) Incidental rates (Road/Rail)

| Grade | Existing Rs. | Revised Rs. |
|---|---|---|
| I | 0.08 | 0 12 |
| II (a) | 0.06 | 0.10 |
| II (b) | 0.06 | 0 10 |
| III | 0.04 | 0 06 |
| IV | 0.03 | 0.05 |

(iii) Daily Allowance

| Grade | Existing Inside State Rs. | Existing Outside State Rs. | Revised inside State Rs. | Revised Outside State Rs. |
|---|---|---|---|---|
| I | 40 | 65 | 70 | 100 |
| II (a) | 32 | 50 | 55 | 70 |
| II (b) | 24 | 40 | 40 | 60 |
| III | 21 | 40 | 35 | 55 |
| IV | 16 | 30 | 25 | 35 |

(iv) Loading and Unloading charges for journies of transfer

| | Existing | Revised |
|---|---|---|
| Grade I | Rs 70 at each end | Rs. 100 at each end |
| Grade II | Rs. 30 at each end | Rs. 50 at each end |
| Grade III }<br>Grade IV } | Rs 15 at each end | Rs. 30 at each end |

(v) Incidentals for Air journies

| | Existing Rs. | Revised Rs. |
|---|---|---|
| Gade I | 62.50 | 85 |
| Grade II (a) | 42 50 | 60 |
| Grada II (b) | 30 | 45 |
| Grade III | 25 | 35 |
| Grade IV | 20 | 30 |

(vi) Reimbursemnt of Room rent

| | Existing (i) New Delhi Bombay, Calcutta Madras Rs. | Existing (ii) Other cities/ towns outside the State Rs. | Revised (i) New Delhi, Bombay Calcutta Madras Rs. | Revised (ii) Other cities/ towns outside the State Rs. |
|---|---|---|---|---|
| Grade I | 250 | 150 | 350 | 200 |
| Grade II (a) | 200 | 100 | 300 | 150 |
| Grade II (b) | 175 | 75 | 250 | 120 |
| Grade III | 150 | 60 | 220 | 90 |
| Grade IV. | 100 | 40 | 150 | 70 |

## (vii) Accommodation for Government Officers outside the State

In case, where Government accommodation is not available, stay in three star hotels will be allowed. However this facility will be limited to Secretaries to Government Heads of Major Departents and Additional Secretaries. Kerala Tourisam Development Corporation will identify hotels and endeavour to get sizeable discounts by having standing arrangement in this regard. All such accommodation in three-star hotels will be in hotels specified by Kerala Tourism Development Corporation.

## (viii) Taxi fare for First Grade Officials

Grade I Officials travelling to metropolitan cities and other larger cities will by allowed to hire taxies for the day.

## (ix) T. A. ceiling

The ceiling limits for T. A. of officers prescribed in the Government Order read as third paper above will be revised as follows :-

| | Grade I. Officers | | Grade II Officers | | | |
|---|---|---|---|---|---|---|
| | | | (a) | | (b) | |
| | With actual pay of Rs. 3000 and above | | With actual pay Rs. 2500 and above but below Rs. 3000 | | With actual pay below Rs. 2500 | |
| | Quarter Rs. | Month Rs. | Quarter Rs. | Month Rs. | Quarter Rs. | Month Rs. |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1. State level Officers | 3,300 | 1,100 | 2,250 | 750 | 1,650 | 550 |
| 2. Regional Officers with Jurisdiction over more than two Revenue Districts | 2,325 | 775 | 1,950 | 650 | 1,350 | 450 |
| 3. Regional Officers with Jurisdiction over two Revenue Districts | 2,025 | 675 | 1,650 | 550 | 1,200 | 400 |
| 4. District Collectors/ District Superintendents/Commlssioners of Police | 2,325 | 775 | ... | ... | ... | ... |
| Officers with Jurisdiction over the Revenue District | 1.725 | 575 | 1,350 | 450 | 975 | 325 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 6. Officers with Jurisdiction over a part of the District (Sub Revenue District jurisdiction) | 1,500 | 500 | 1,200 | 400 | 825 | 275 |

Necessary amendments to KSR will be issued separately.

These orders will take effect from 1-9-1995. The new quarterly ceiling will take effect from the quarter beginning 1-10-1995.

By order of the Governer,

S. SUNDARESHAN,
Secretary (Finance-Expenditure)

## GOVERNMENT OF KERALA

No. 3035/F2/95/H.Edn.    Higher Education (F) Dept.
Thiruvananthapuram,
Dated 11-7-95.

From

The Commnr. & Secretary to Government.

To

The Director of Collegiate Education,
Thiruvananthapuram.

Sir,

Sub:- UGC Scheme – Filling up of vacancies in Colleges – regarding.

Ref:- 1) Govt. letter No. 22576/F2/89/H.Edn. dated 1-8-1990.

2) Your letter No. UGC Cell 1 (I)/30205/93/ Coll. Edn

I am to inform you that your proposal to fill up the vacancies in Colleges exceeding 3 months is agreed to subject to the condition stipulated in the Government letter cited and in economy orders.

Yours faithfully,
Sd/-
K. R. MADHUSOODANAN NAIR
Under Secretary
For COMNR. & SECRETARY TO GOVT.

## GOVERNMENT OF KERALA

### ABSTRACT

Public Services-Interim Relief to the State Government employees Further Orders-issued

### FINANCE (PRU) DEPARTMENT

G. O. (P) No. 161/96/(74)/Fin. Dated, Thiruvananthapuram 2-2-1996.

Read :- G. O. (P)922/95/(62)/Fin. dated 30-11-95.

### ORDER

In the Government Order read above, Government have sanctioned the payment of Interim Relief at the rate of Rs.100/- per month to the State Government Employees, Staff of Aided Schools, Private Colleges, and Polytechnics, Full time employees borne on Contingency & work charged establishment and Local Bodies with effect from 1-12-1995 Government are now pleased to order that Interim relief at the rate of Rs.60/-(Rupees sixty only), per month will be paid to all part-time employees of Government with effect from 1-12-1995 subject to the conditions laid down in the G. O. read above.

(By Order of the Governor)
V. P. REGHU
Additional Secretary (Finance)

## GOVERNMENT OF KERALA

### Abstract

Implementation of UGC Scheme - Appointment in Private Colleges-Prior concurrence of Director of Collegiate Education-Revised-Orders issued.

### HIGHER EDUCATION (C) DEPARTMENT

G. O. (Ms) No. 17/96/H.Edn. Dated, Thiruvananthapuram, 27-1-1996

Read : 1. G. O. Ms. No. 42/93/H.Edn. dated 16-4-93.
2. D. O. letter No. UGC. Cell. I (1) 36250/92/CE dt. 15-11-95 from the Director of Collegiate Education.

### ORDER

In the G. O. read as Ist above Government have ordered that the vacancies of teachers arising in Private Colleges by way of retirement, leave, introduction of new courses shall only be filled up with the prior permission of the Director of Collegiate Education and with due regard to the UGC norms on workload, qualification etc.

2. Now the Director of Collegiate Education in his letter read as 2nd paper above has requested that the practice of Obtaining prior concurrence may be discontinued and

Deputy Directors of Collegiate Education may be instructed to observe the statutory provisions and Government Orders with regard to work load and qualifications before admitting salaries to teachers.

3. Government have examined the matter in detail and are pleased to order the practice of obtaining prior concurrence of Director of Collegiate Education ordered with G. O. dated 6-4-93 be discontinued, provided the workload and qualification of teachers are verified by the Deputy Directors of Collegiate Education before admitting the salary of teachers.

(By Order of the Governer)

J. VIJAYALEKSHMI AMMA,
Under Secretary to Govt.

## M. Phil, Ph. D - Relaxation

Copy of Government Letter No. 25707/C3/95/H-Edn, from the Commissioner & Secretary to Government, Higher Education (C) Department, Dated. 11-10-95. Thiruvananthapuram, addressed to this office.

Sub:- Implementation of the Scheme-Benefits of relaxation for those teachers who possesses both M. Phil & Ph. D. Degrees-clarification-reg:

Ref:- 1. Your Lr. No. UGC. Cell. II (2) 14593/94 dt. 6-7-94 & 7-7-95.
2. Your Lr. No. UGC Cell. III-48198/90 dt. 19-9-95
3. Lr. No. FI-3/94 (PS) dt. 4-8-95 from UGC.

With reference to your letters cited, I am to clarify that the relaxation of three year (maximum) can be granted by two spells not exceeding three years for placement in senior scale and Grade.

A Copy of the letter from UGC under reference 3rd cited is enclosed for information.

I am to request you to dispose of such cases immediately.

Yours faithfully,
Sd/-
J. VIJAYALEKSHAMI AMMA
Under Secretary
For Commr & Secretary.

Endt. on UGC. Cell. II (2) 14593/94 Dt. 13-11-95.

Copy communicated to all the seats, sections, Superintendents Accounts Officers in the UGC Cell, Estt. D Section A section and F Section and Addl. DCE for information.

Sd/-
Addl. Director of Collegiate Education

## GOVERNMENT OF KERALA

### Abstract

UGC Scheme — Salary arrears — Crediting in the P F account — Extention of time limit — Orders Issued —

HIGHER EDUCATION (C) DEPARTMENT

G. O. (Rt) No. 223/96/H. Edn. Dated, Thiruvananthapuram, 19—1 - 96

Read: 1. G. O. Rt. No. 695/95/H. Edn. dated 27—6—95

2. Letter No. UGC Cell. I (2) 76165 / 95 dated 20—2—96 from the Director of Collegiate Education

ORDER

In the circumstances reported by the Director of Collegiate Education in his letter read above Government are pleased to extend the time limit for crediting the salary arrears as per the UGC Scheme to P. F. account upto 31—7—96 on condition that no further extention will be granted.

(By order of the Governor,)
P. K. Santhamma.
Addl. Secretary to Govt.

## GOVERNMENT OF KERALA

### Abstract

Pay Revision 1992—Exercise of Option/Re-option — Extension of Time Limit - Orders Issued

FINANCE (PRU) DEPARTMENT

G. O. (P) No. 855I95/ (60) Fin. Dated, Thiruvananthapuram, 21st November, 1995

Read: 1. G. O. (P) 600/93/Fin dated 25—9—1993

2. G. O. (P) 458/94/Fin dated 3—8—1994

ORDER

In the G. O. read as 2nd paper above, Government have extended the time limit for exercising Option/Re-option in respect of 1992 Pay Revision upto 31—10—1994

2. In consideration of the representations from employees for extension of time, Government are pleased to order that exercise of Option / re-option in respect of Pay Revision ordered with effect from 1—3—1992 will be extended for a further period of six months from 1—12—1995, subject to the condition that no further extension of time will be allowed.

3. Employees retired after 1-3-1992 will also be eligible for Option /re-option Government also order that no re-option will be allowed in respect of previous pay

revisions, except on the gronds specified in G. O.(P) No. 101/80/(167)/Fin. dated 30-1-80

4 The benefit granted in this order will be subject to the usual terms and conditions as laid down in Circular No. 46/90/Fin dated 22—6—1990.

By order of the Governor,
K. K. Sasidharan
Joint Secretary (Finance)

(11-ാം പേജിന്റെ തുടർച്ച)

പിന്നീട് മററു തുറകളിൽ ജോലി ചെയ്തിരുന്നവരുടെ ശമ്പളവുമായി തട്ടിച്ചുനോക്കിയപ്പോൾ പ്രൈവററ് കോളേജ് അധ്യാപകന്റെ ഈ ശമ്പളം തീരെ തുച്ഛമാണെന്ന് കണ്ടതിനാൽ ഉണ്ടായ ലജ്ജാഭാരം കൊണ്ടോ എന്തോ. തിരുവിതാംകൂർ യൂണിവേഴ്സിററി ലക്ചറർമാരുടെ ശമ്പളം പരിഷ്കരിച്ചു. 125-5-150-10-200 എന്നായിരുന്നു പരിഷ്കരിച്ച സ്കെയിൽ ഇതോടൊപ്പം യൂണിവേഴ്സിററി മററൊന്നുകൂടി ചെയ്തു. അതുവരെ കിട്ടിക്കൊണ്ടിരുന്ന ക്ഷാമബത്ത തുടർന്നു കൊടുക്കേണ്ട കാര്യം മാനേജർമാരുടെ വിവേചനാധികാരത്തിന്ന് വിട്ടുകൊടുത്തു. മാനേജർ വിവേചനാധികാരം ശരിക്കും ഉപയോഗിച്ചു! അതുവരെ പല മാനേജ്മെന്റുകളും കൊടുത്തിരുന്ന ക്ഷാമബത്ത മേലാൽ കൊടുക്കേണ്ടതില്ലെന്ന് മാനേജർമാർ ഏകകണ്ഠമായി തീരുമാനിച്ചു.

(പ്രൊഫ. ആർ. ആർ. സി.
കേരള പ്രൈവററ് കോളേജ് ടീച്ചർ സ്പെഷ്യൽ - 1983)


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KERALA PRIVATE COLLEGE TEACHER

| | | |
|---|---|---|
| 1 | Place of Publication | : Thiruvananthapuram |
| 2 | Periodicity of Publication | : Monthly |
| 3 | Printer's Name | : Prof. V. Narayanan kutty |
| | Nationality | : Indian |
| | Address | : Guruvayoorappan College P. O. Kozhikode |
| 4 | Publisher's Name | : Prof. V. Narayanan kutty |
| | Nationality | Indian |
| | Address | Gurnvayoorappan College P. O. Kozhikode |
| 5 | Editor's Name | : Prof. K. Sukumaran Nair |
| | N ationality | : Indian |
| | Address | : M. G. College Thiruvananthapuram |
| 6 | Names and addresses of individuals who own the news paper | : All Kerala Private College Teachers Association Ambujavilasam Road Thiruvananthapuram |

I, Prof. V. Narayanankutty, hereby declare that the particulars givan above are true to the best of my knowledge and belief.

Thiruvananthapuram
01-03-1996

Prof. V. Narayanankutty
Publisher

(8-ാംപേജിന്റെ തുടർച്ച)

ള്ള നടപടികൾ ആവിഷ്ക്കരിക്കണമെന്നും സമ്മേളനം അഭ്യർത്ഥിച്ചു.

രാജ്യത്തെ രാഷ്ട്രീയ നേതൃത്വവും വ്യവസായികളും തമ്മിലുള്ള ബന്ധം എല്ലാ രാഷ്ട്രീയ സദാചാര സീമകളേയും ലംഘിച്ചിരിക്കുന്നു. രാഷ്ട്രീയ വ്യവസ്ഥയിൽ ജനങ്ങൾക്കുള്ള വിശ്വാസം നിലനിർത്തുന്നതിന് നടപടികൾ ആവിഷ്ക്കരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

കളമശ്ശേരി സെൻറ് പോൾസ് കോളേജിൽ നടന്ന എ കെ പി സി ടി എ ജില്ലാസമ്മേളനം ജനറൽ സെക്രട്ടറി പ്രൊഫ. കെ പി ദിവാകരൻനായർ ഉൽഘാടനം ചെയ്തു. മാനദണ്ഡങ്ങളൊന്നുമില്ലാതെ അൺഎയിഡഡ് കോളേജുകൾഅനുവദിക്കുന്നത് ഉന്നതവിദ്യാഭ്യാസമേഖലയിൽ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ ഉത്ഭവിക്കുവാൻ ഇടയാക്കുമെന്ന് അദ്ദേഹംസർക്കാരിനു മുന്നറിയിപ്പു നൽകി. 100 വർഷം കൊണ്ട് 173 കോളേജുകളാണ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ കഴിഞ്ഞ വർഷം മാത്രം 60 അൺ എയിഡഡ് കോളേജുകൾ അനുവദിച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്ത് ശാസ്ത്രീയമായ രീതിയിൽ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കണമെന്നു അദ്ദേഹം ഗവൺമെൻറിനോട്ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡൻറ് പ്രൊഫ. വി. പി. ശിവശങ്കരൻനായർ അധ്യക്ഷതവഹിച്ച യോഗത്തിൽ പ്രൊഫ. വി ആർ അയ്യപ്പൻപിള്ള, പ്രൊഫ. ജോയ് ജോബ് കുളവേലിൽ എന്നിവർ സംസാരിച്ചു. വി സി ആൻറണി സ്വാഗതവും കെ വി നീലകണ്ഠ ശർമ്മ കൃതജ്ഞതയും രേഖപ്പെടുത്തി.

ഈ വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന എറണാകുളം സെൻറ് ആൽബർട്സ് കോളേജിലെ പ്രൊഫ. പി. ജെ. തോമസ്, കാലടി ശ്രീ. ശങ്കരാ കോളേജിലെ പ്രൊഫ. എം മോഹനബാബു, മൂവാററുപുഴ നിർമ്മല കോളേജിലെ പ്രൊഫ. പി. എം ദേവസ്യ എന്നിവർക്ക് സമ്മേളനം സമുചിതമായ യാത്രയയപ്പു നൽകി. യാത്രയയപ്പു സമ്മേളനത്തിൽ എ കെ പി സി ടി എ ജില്ലാപ്രസിഡൻറ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. ടി എം തോമസ്, ജോയ് കുളവേലിൽ എന്നിവർ സംസാരിച്ചു.

തുടർന്ന് ജില്ലാ സെക്രട്ടറി സംഘടനാ റിപ്പോർട്ടും ട്രഷറർ അക്കൗണ്ട്സും അവതരിപ്പിച്ചു. ഡോ. പി എസ് മോഹനകുമാർ, പ്രൊഫ. ഡി കൃഷ്ണൻ നമ്പൂതിരി, പ്രൊഫ. വി എം ജോർജ്, പ്രൊഫ. ജസ്ററിൻ ജോർജ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നമ്മളിൽ നിന്നും വേർപെട്ടുപോയ സാമൂഹ്യ-രാഷ്ട്രീയ- സാംസ്കാരിക നായകൻമാർക്ക് അനുശോചനം രേഖപ്പെടുത്തിയതിനുശേഷമാണ് സമ്മേളനം ആരംഭിച്ചത്. ❍

സംഘടനയുടെ ജില്ലാ പ്രസിഡൻറ് പ്രൊഫ. വി പി ശിവശങ്കരൻ നായർ (കാലടി എസ് എസ് കോളേജ്), വൈസ് പ്രസിഡൻറ് പ്രൊഫ. ടി എസ് രാമമൂർത്തി (എറണാകുളം സെൻറ് ആൽബർട്സ് കോളേജ്), സെക്രട്ടറി വി സി ആൻറണി (കളമശ്ശേരി സെൻറ് പോൾസ് കോളേജ്), ജോയിൻറ് സെക്രട്ടറി പ്രൊഫ. പി കെ സുരേഷ് ബാബു (പെരുമ്പാവൂർ എസ് എസ് വി കോളേജ്), ട്രഷറർ പ്രൊഫ. കെ കെ ജോഷി (മാല്യങ്കര എസ് എൻ. എം കോളേജ്), പ്രൊഫ. വി എം ജോർജ് പ്രൊഫ. വേണുഗോപാൽ ബി. മേനോൻ, പ്രൊഫ. പോൾ വി വർഗ്ഗീസ് എന്നിവരെ ജില്ലാ കമ്മററി അംഗങ്ങളായും തെരഞ്ഞെടുത്തു.

# ഹരിശ്ചന്ദ്രൻ കുടുംബസഹായനിധി നല്കി

നെന്മാറ എൻ. എസ്. എസ്. കോളേജ് അധ്യാപകനായിരിക്കെ വാഹനാപകടത്തിൽ അന്തരിച്ച ഹരിശ്ചന്ദ്രന്റെ കുടുംബത്തെ സഹായിക്കാൻ സ്വരൂപിച്ച തുക ചങ്ങനാശേരിയിൽ യാത്രഅയപ്പു സമ്മേളനത്തോടൊപ്പം നടന്ന ചടങ്ങിൽ വച്ച് നല്കി. മൊത്തം 2,53,500 രൂപയുടെ ഫിക്സഡ് ഡിപ്പോസിററ് സർട്ടിഫിക്കററുകൾ എ കെ പി സി ടി എ ജനറൽ സെക്രട്ടറി കെ പി ദിവാകരൻനായർ ഹരിശ്ചന്ദ്രന്റെ പത്നിയെ ഏല്പിച്ചു. ചടങ്ങിൽ ഹരിശ്ചന്ദ്രന്റെ കുട്ടികളും സഹോദരനും ഭാര്യാപിതാവും പങ്കെടുത്തിരുന്നു.


ഹരിശ്ചന്ദ്രന്റെ പേരിൽ നെന്മാറ കോളേജിൽ ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തുന്നതിനുവേണ്ടി ഹരിശ്ചന്ദ്രന്റെ കുടുംബം നല്കിയ പതിനായിരം രൂപയുടെ ചെക്ക് നെന്മാറ ബ്രാഞ്ചുസെക്രട്ടറി പ്രൊഫ. സി. മുരളീധരൻ ഏററുവാങ്ങി.

കോ–ഓർഡിനേഷൻ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ സ്വാഗതവും ട്രഷറർ പ്രൊഫ. പി ജി ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

# യാത്ര അയപ്പ്

എൻ. എസ്. എസ്. കോളേജുകളിൽ നിന്നും ഈ വർഷം വിരമിക്കുന്ന അധ്യാപകർക്ക് എ കെ പി സി ടി എ എൻ. എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ സ്നേഹനിർഭരമായ യാത്ര അയപ്പു നല്കി. ചങ്ങനാശ്ശേരി ഡോ. സക്കീർഹുസൈൻ മെമ്മോറിയൽ ഐ ടി സി യിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് പ്രൊഫ. എം ജി. ഗോപാലകൃഷ്ണൻനായർ അധ്യക്ഷതവഹിച്ചു. എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. കെ പി ദിവാകരൻനായർ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ടി എൻ രാമൻപിള്ള, പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. കെ സദാശിവൻ നായർ, പ്രൊഫ. പി ജെ ഫിലിപ്പ് എന്നിവർ ആശംസകൾ നേർന്നു. വിരമിക്കുന്ന അധ്യാപകർക്കുവേണ്ടി പ്രൊഫ. കെ ആർ ജനാർദ്ദനൻ, പ്രൊഫ. കെ ആർ പ്രഭാകരൻനായർ, പ്രൊഫ. കെ രാജഗോപാലപിള്ള, പ്രൊഫ. കെ ഭാസ്കരക്കുറുപ്പ്, പ്രൊഫ. പി കെ രാഘവൻനായർ എന്നിവർ മറുപടി പ്രസംഗം നടത്തി.

## ഹരേഷിന് ഡോക്ടറേററ്



കേരളാ യൂണിവേഴ്സിററിയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേററ് നേടിയ ആർ. ഹരേഷ്. എകെപിസിടിഎ–യുടെ സജീവ പ്രവവർത്തകനായ ഇദ്ദേഹം മണർകാട് സെന്റ് മേരീസ് കോളേജ് അധ്യാപകനാണ്.

(6-ാം പേജിന്റെ തുടർച്ച)

8 വിദ്യാഭ്യാസ രംഗത്തെ അവലംബനീയമായ ഏക ഭരണക്രമമെന്നത്, ഓരോ തലത്തിലെയും വിദ്യാഭ്യാസ പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാവരുടെയും-വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ, രക്ഷാകർത്താക്കൾ, മാനേജ്മെന്റ്, പൊതുസമൂഹം, ഗവൺമെന്റ് തുടങ്ങിയവരുടെ പ്രതിനിധികൾ അടങ്ങിയ സമിതികളുടെ ജനാധിപത്യ ഭരണക്രമം മാത്രമാണ്. അങ്ങിനെ വരുമ്പോൾ ഒരു തലത്തിൽ സ്വകാര്യ ഏജൻസികളുടെയും മറ്റൊരു തലത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെയും ഭരണാധിപത്യത്തിൽ നിന്നും വിദ്യാഭ്യാസ ഘടനയെ മോചിപ്പിക്കേണ്ടതുണ്ട്. മാനേജുമെന്റും സൂപ്പർ മാനേജുമെന്റും കൊണ്ട് പരിഹരിക്കേണ്ടതരം പ്രശ്നങ്ങളല്ല വിദ്യാഭ്യാസ രംഗത്തിന്റേത്. ഈ തിരിച്ചറിവ് നിർണ്ണായകമാണ്.

9 കോളേജുകളുടെ ഭരണ വ്യവസ്ഥ ജനാധിപത്യവല്ക്കരിക്കപ്പെടണം. അദ്ധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, മാനേജുമെന്റ് ഇവരുടെ പ്രതിനിധികളടങ്ങുന്ന ഒരു ഗവേണിംഗ് കൗൺസിൽ കോളേജിന്റെ പ്രതിവർഷ അക്കാഡമിക വിലയിരുത്തൽ നടത്തണം.


10 കോളേജുകൾ പ്രാദേശിക സമൂഹത്തിന്റെ മാർഗ്ഗദീപമായി മാറണം. സമീപപ്രദേശത്തിന്റെ വികസനപരവും, പാരിസ്ഥിതികവുമായ ആവശ്യങ്ങളുമായും സാമൂഹിക പ്രശ്നങ്ങളുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുകയെന്നത് ആവശ്യമാണ്. ഓരോ കോളേജിനും ഒരു 'സോഷ്യൽ പ്രോജക്ട്' ഉണ്ടാകണം.

11 ഇന്ന് നിലവിലുള്ള പ്രീ-ഡിഗ്രി കോഴ്സ് ഒരു 'സർവകലാശാലാ കോഴ്സ്' ആണ്. അത് വിഘടിപ്പിച്ച് സ്കൂൾ തലത്തിലാക്കാമെന്നത് യുക്തിരഹിതമായ ഒരു നിർദ്ദേശമാണ്. മറിച്ച്, കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന് സമഗ്രമായ ഹയർ സെക്കണ്ടറി തലം ആവിഷ്കരിക്കുകയാണ് അടിയന്തിരമായി വേണ്ടത്. അതിനുവേണ്ട കരിക്കുലം സിലബസ് നിർമ്മാണം ഉടനെ നടത്തണം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ മൗലിക സവിശേഷതകളോടുകൂടിയ ഈ കോഴ്സ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടത്തണം. സർവ്വകലാശാലാ തലത്തിൽ ഇന്ന് ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകരേയും ആ തലത്തിൽ നിലനിർത്തണം.

12 കോളേജുകളിലെ ബിരുദ-ബിരുദാനന്തര പഠനനിലവാരം പൊതുവെ തൃപ്തികരമല്ല. വിവിധവൈജ്ഞാനിക-തൊഴിൽ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അദ്ഭുതപൂർവമായ വളർച്ച ഉൾക്കൊള്ളുവാൻ പാകപ്പെട്ട തരത്തിലുള്ളതല്ല അവയുടെ അദ്ധ്യയന പദ്ധതികളും ക്രമങ്ങളും. കോഴ്സിന്റെയും കരിക്കുലത്തിന്റെയും പുനഃസംവിധാനത്തിന് കാലം അതിക്രമിച്ചിരിക്കുന്നു.

13 സാമ്പത്തികം: ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ സാമ്പത്തിക ബാദ്ധ്യതയുടെ പ്രാഥമിക ഉത്തരവാദിത്തം സർക്കാരിനാണ്. ആ

വിവിധ ആവശ്യങ്ങളുന്നയിച്ച് എകെപിസിടിഎ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ് പടിക്കൽ നടത്തിയ ധർണ എൻ.ജി.ഒ. യൂണിയൻ നേതാവ് വേലായുധൻനായർ ഉദ്ഘാടനം ചെയ്യുന്നു



ഉത്തരവാദിത്വത്തിൽനിന്നും സർക്കാർ പിൻമാറിക്കൂടാ. എന്നാൽ, ഉന്നതവിദ്യാഭ്യാസത്തിൻെറ ഗുണഭോക്താക്കൾക്ക് യാതൊരു സാമ്പത്തിക ഉത്തരവാദിത്തവും ഇല്ലെന്നല്ല. പിന്നോക്കവിഭാഗങ്ങളിൽ നിന്നൊഴികെയുള്ള ഉന്നതവിദ്യാഭ്യാസത്തിൻെറ ഗുണഭോക്താക്കൾ ചെലവിൻെറ ഒരു പങ്ക് വഹിക്കണം.

14 പരീക്ഷ എന്നത് വിദ്യാഭ്യാസപ്രക്രിയയിലെ വിലയിരുത്തൽ പ്രക്രിയയാണ്. എന്നാൽ, ഇന്ന് പരീക്ഷ വിദ്യാഭ്യാസപ്രക്രിയയെ തടങ്കലിലാക്കിയിരിക്കുന്നു. വിദ്യാഭ്യാസപ്രക്രിയയുടെ മോചനത്തിനാവശ്യം വിലയിരുത്തലിൻെറ സമഗ്രത സ്ഥാപിക്കയാണ്. പരീക്ഷാസമ്പ്രദായത്തിൻെറ മൗലികമായ മാററത്തിലൂടെയേ ഇത് സാധ്യമാകൂ. ഒററപ്പെട്ട പരിഷ്കാരങ്ങൾ അപര്യാപ്തമാണ്. (വിലയിരുത്തലിൻെറ അടിസ്ഥാന തത്വങ്ങൾ രേഖ വിവരിക്കുന്നു.)

മേൽപ്പറഞ്ഞ അടിസ്ഥാന തത്വങ്ങൾ കൂടാതെ, വിദ്യാഭ്യാസപ്രക്രിയയിൽ അധ്യാപകർ വിദ്യാർത്ഥികൾ, ഇവരുടെ ഉത്തരവാദിത്വം നിയമനം/അഡ്മിഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ എന്നിവയും അവർ വിഭാവനം ചെയ്യുന്ന പ്രസ്ഥാനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതയും സംബന്ധിച്ചും രേഖ വിലയിരുത്തുകയും നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്യുന്നു.

തുടർന്നുള്ള വർഷങ്ങളിൽ നമ്മുടെ സംഘടനയുടെ പ്രവർത്തനരംഗത്ത് അക്കാഡമിക മേഖലകളിൽ ഊർജ്ജിതമായ പരിവർത്തനം സൃഷ്ടിക്കുവാൻ ഈ രേഖ പ്രചോദനമാകുമെന്ന് പ്രത്യാശിക്കാം.

## ഓഫീസ് മന്ദിരം ഉദ്ഘാടനം

സ്വകാര്യകോളേജ് അദ്ധ്യാപകൻെറ ചിരകാലസ്വപ്നമായിരുന്നുസ്വന്തമായൊരു ഓഫീസ് കെട്ടിടമുണ്ടാകണമെന്നത്. ഈ സംസ്ഥാന സമ്മേളനത്തോടെ അത് യാഥാർത്ഥ്യമാവുകയാണ്. കഴിഞ്ഞ 5 വർഷക്കാലമായി സംഘടന നടത്തിയ ധനസമാഹരണ പ്രവർത്തനത്തിൻെറ പരിണതഫലമാണ് മാർച്ച് 15 ന് സാക്ഷാത്കരിക്കാൻ പോവുന്നത്. ഫണ്ട് സ്വരൂപണരംഗത്ത് ഒത്തിരിയേറെ കഷ്ടപ്പാടുകളും പരാധീനതകളുമുണ്ടായെങ്കിലും, ആവുന്നത്ര ഭംഗിയോടും മികവോടുംകൂടി ഈ ലക്ഷ്യം നിറവേററുവാനായി എന്നത് നമുക്കോരോരുത്തർക്കും ചാരിതാർത്ഥ്യം നല്കുന്ന വസ്തുതയാണ്

## വിദ്യാഭ്യാസ സമ്മേളനം

മാർച്ച് 16ന് രാവിലെ ആരംഭിക്കുന്ന സമ്മേളനത്തിൻെറ ഉദ്ഘാടന ചടങ്ങിൽ ബഹു: പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദനും മററ് പ്രമുഖ സർവീസ് സംഘടനാനേതാക്കളും പങ്കെടുക്കുന്നു. തുടർന്ന് ബിസിനസ് സമ്മേളനം നടക്കുന്നു. ഉച്ചയ്ക്കുശേഷം നടക്കുന്ന വിദ്യാഭ്യാസ സമ്മേളനം പശ്ചിമബംഗാളിലെ വിദ്യാഭ്യാസമന്ത്രി സത്യസാദൻ ചക്രവർത്തി ഉദ്ഘാടനം ചെയ്യുന്നു.

## കോഴ്സ് റീസ്ട്രക്ചറിംഗ്

വിദ്യാഭ്യാസപരിഷ്കാരത്തിനുള്ള ഏതൊരു ശ്രമവും നിലവിലിരിക്കുന്ന കോഴ്സുകളുടെ മൂല്യപരമായ പരിശോധനയിൽ നിന്നും വേണം ആരംഭിക്കുവാൻ. വളർന്നുകൊണ്ടിരിക്കുന്ന സാമൂഹിക ആവശ്യങ്ങൾക്ക് യോജിക്കുന്നതരത്തിൽ നിലവിലുള്ള കോഴ്സുകൾ പുനഃസംഘടിപ്പിച്ചേ മതിയാവൂ. ശാസ്ത്രസാങ്കേതികരംഗങ്ങളിൽ മാത്രമല്ല മാനവികവും സാമൂഹികവുമായ വിഷയങ്ങളിലും കാലോചിതമായ മാററം അനിവാര്യമായിരിക്കുന്നു. കരിക്കുലം പരിഷ്കരിക്കുന്നതോടൊപ്പം ഘടനാപരമായ മാററവും ഉണ്ടാകേണ്ടതാണ് അതിലേക്ക് വെളിച്ചം വീശുന്നതരത്തിൽ വിദ്യാഭ്യാസസമ്മേളനത്തിൽ അതിയായ പ്രധാന്യംകൊടുത്തുകൊണ്ട് 'കോഴ്സ് റീസ്ട്രക്ചറിംഗി'നു വേണ്ടി ഒരു സെഷൻ 38-ാം സമ്മേളനത്തിൽ വിഭാവനം ചെയ്യുന്നു ഇതിലേക്കു വേണ്ട ചർച്ചയ്ക്കുള്ള കുറിപ്പ് സംഘടനയുടെഅക്കാഡമിക് വിഭാഗംകൺവീനർ പ്രൊഫ: മാമൻവർക്കി അവതരിപ്പിക്കുന്നു

വിദ്യാഭ്യാസ സമ്മേളനത്തോടനുബന്ധിച്ച് ആർ ആർ സി എൻഡോവ്മെൻറ് ലക്ചർ പ്രഗത്ഭ ചിന്തകനും നിരൂപകനുമായ ശ്രീ പി ഗോവിന്ദപ്പിള്ള നിർവഹിക്കുന്നു. ''മൂന്നാം ലോക രാജ്യങ്ങളിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ'' എന്ന വിഷയത്തെ അധികരിച്ചാണ് അദ്ദേഹം സംസാരിക്കുക. തുടർന്ന് സർവീസിലിരിക്കെ അകാലത്തിൽ അന്തരിച്ച അധ്യാപകരുടെ അനന്തരാവകാശികൾക്കുള്ള ക്ഷേമനിധി വിതരണം നടത്തുന്നതാണ്.

6 മണിയോടെ അധ്യാപക പ്രകടനവും പൊതുസമ്മേളനവും നടക്കുന്നു. പൊതുസമ്മേളനത്തിൽ വിവിധ രാഷ്ട്രീയ സാമൂഹ്യ നേതാക്കൾ പങ്കെടുക്കുന്നു.

16-ാം തിയതി രാത്രിയിൽ സംഘടനാ റിപ്പോർട്ടിൻമേൽ യൂണിവേഴ്സിററി തിരിഞ്ഞ് ചർച്ച നടക്കും. ചർച്ചയുടെ ക്രോഡീകരണം 17-ാം തീയതി രാവിലെ നടക്കും. 17-ാം തീയതി രാവിലെ സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് യാത്ര അയപ്പ് നല്കുന്നതിനായുള്ള സമ്മേളനം ചേരുന്നു. സമ്മേളനശേഷം റിപ്പോർട്ടിൻെറമേൽ നടന്ന ചർച്ചയ്ക്കു സെക്രട്ടറിയുടെ മറുപടിയും സംഘടനാ തിരഞ്ഞെടുപ്പുമാണ്. □




എകെപിസിടിഎ-എൻ.'എസ്'. എസ്'. കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരിയിൽ ചേർന്ന യാത്രയയപ്പു സ
,മ്മേളനം ജനറൽ സെക്രട്ടറി പ്രൊഫ. കെ. പി. ദിവാകരൻനായർ ഉദ്ഘാടനം ചെയ്യുന്നു

R. No. 36025/81 Kerala Private College Teacher Reg. No. KLTV (N) 35

എകെപിസിടിഎ

# 38-ാം സംസ്ഥാന സമ്മേളനം

# മന്ദിരോദ്ഘാടനം

## മാർച്ച് 15, 16, 17

## തിരുവനന്തപുരത്ത്

ഇ. എം. എസ്., സത്യസാദൻ ചക്രവർത്തി,
വി. എസ്. അച്ചുതാനന്ദൻ, സുകുമാർ അഴീക്കോട്,
പി. കെ. വി., ടി. ശിവദാസമേനോൻ, കെ. പങ്കജാക്ഷൻ,
എം. പി. വീരേന്ദ്രകുമാർ, രാമചന്ദ്രൻ കടന്നപ്പള്ളി,
പി. ഗോവിന്ദപ്പിള്ള തുടങ്ങിയവർ പങ്കെടുക്കുന്നു

പ്രതിനിധി സമ്മേളനം
വിദ്യാഭ്യാസ സമ്മേളനം
**ആർ. ആർ. സി. അനുസ്മരണ പ്രഭാഷണം**
ക്ഷേമനിധി വിതരണം

പ്രകടനം 16 ന്

**സംസ്ഥാന സമ്മേളനം സിന്ദാബാദ്**
**എകെപിസിടിഎ സിന്ദാബാദ്**

edited printed and published by prof. v. narayanankutty at chempaka printers
tvm-4 phone : 442127 chief editor k. sukumaran nair